# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി: 02.09.2021

**പ്രസിദ്ധീകരണത്തിന്**

**ടൈംടേബിൾ**

**10.09.2021, 13.09.2021** തീയതികളിൽ യഥാക്രമം ആരംഭിക്കുന്ന **മൂന്നാം** (റെഗുലർ/ സപ്ലിമെന്ററി) **ഒൻപതും** (റെഗുലർ) സെമസ്റ്റർ **ബി. എ. എൽഎൽ. ബി.**, നവംബർ 2020 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**പരീക്ഷാവിജ്ഞാപനം**

**രണ്ടാം** സെമസ്റ്റർ **ബി. എഡ്.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021 പരീക്ഷകൾക്ക് **22.09.2021** മുതൽ **25.09.2021** വരെ പിഴയില്ലാതെയും **28.09.2021** വരെ പിഴയോട് കൂടെയും ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകളുടെ പകർപ്പും ചലാനും **01.10.2021** നകം സർവകലാശാലയിൽ സമർപ്പിക്കണം. പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

**പരീക്ഷാ രജിസ്ട്രേഷൻ**

സർവകലാശാല പഠനവകുപ്പുകളിലെ **ഒന്നാം** സെമസ്റ്റർ പി. ജി. **റെഗുലർ** (നവംബർ 2020) പരീക്ഷകൾക്കുള്ള രജിസ്ട്രേഷൻ **08.09.2021** ന് ആരംഭിക്കും.

**പരീക്ഷാഫലം**

വിദൂരവിദ്യാഭ്യാസം **മൂന്നാം** വർഷ **ബി. എ. എക്കണോമിക്സ്** പരീക്ഷ മാർച്ച് 2021, ബി. കോം. ഒഴികെയുള്ള കോവിഡ് സ്പെഷ്യൽ പരീക്ഷ മാർച്ച് 2020 പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന, ഫോട്ടോകോപ്പി, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് **16.09.2021** വരെ ഓൺലൈനായി അപേക്ഷിക്കാം. പരീക്ഷാഫലം ഒരു മാസം സൈറ്റിൽ ലഭ്യമായിരിക്കും. ആവശ്യമുള്ളവർ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കേണ്ടതാണ്.

**കോവിഡ് സ്പെഷ്യൽ പ്രായോഗിക പരീക്ഷ**

കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ ന്യൂ ഇനിഷ്യേറ്റിവ് പ്രോഗ്രാം FLAIR പദ്ധതിയുടെ ഭാഗമായി CARDIFF University-യിൽ വച്ച് നടന്ന LEAD Induction Training-ൽ പങ്കെടുത്ത് തിരിച്ചുവന്ന്, ക്വാറന്റൈനിൽ പോയത് കാരണം നാലാം സെമസ്റ്റർ ബിരുദം (CBCSS - റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2020 പ്രായോഗിക പരീക്ഷയിൽ ഹാജരാവാൻ സാധിക്കാതിരുന്ന വിദ്യാർഥികൾക്കായി നാലാം സെമസ്റ്റർ ബിരുദം (CBCSS

– റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2020 കോവിഡ് സ്പെഷൽ പ്രായോഗിക പരീക്ഷ നടത്തുന്നു.

അർഹരായ വിദ്യാർഥികൾ, ഹാജരാകാൻ കഴിയാതിരുന്ന പ്രായോഗിക പരീക്ഷയുടെ വിവരങ്ങൾ, LEAD Induction Training-ൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റിന്റെയും ഹാൾ ടിക്കറ്റിന്റെയും സ്കാൻ ചെയ്ത പകർപ്പുകൾ എന്നിവ അപേക്ഷ സഹിതം, soexc2@kannuruniv.ac.in എന്ന മെയിൽ ഐഡിയിലേക്ക് **06.09.2021, 5** മണിക്ക് മുൻപ് അയയ്ക്കേണ്ടതാണ്. അപേക്ഷയിൽ മേൽവിലാസവും ഫോൺ നമ്പറും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**ഒപ്പ്/-**
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**